## പതിമൂന്നാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 2346

23.03.2012 ൽ മറുപടിയ്ക്ക്

## ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ. അസീസ്:<br>ശ്രീ. കോവൂർ കുഞ്ഞുമോൻ: | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| എ. സംസ്ഥാനത്ത് ന്യൂനപക്ഷക്ഷേമ വകുപ്പ് എന്തൊക്കെ പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ. ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യം വച്ചാണ് ന്യൂനപക്ഷ ക്ഷേമ വകുപ്പ് പ്രവർത്തിച്ചു വരുന്നത്. വിദ്യാഭ്യാസം, തൊഴിൽ വികസന പ്രവർത്തനങ്ങൾ എന്നിവയാണ് പ്രധാന മേഖലകൾ. വിശദമായ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു. |
| ബി. വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്കായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ എന്താക്കെയാണ് എന്ന് വ്യക്തമാക്കുമോ? | ബി. 1 മുതൽ 10 വരെയുള്ള ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ്, പത്താം ക്ലാസിനു മുകളിൽ പിഎച്ച്ഡി വരെയുള്ള കുട്ടികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, പ്രൊഫഷണൽ വിദ്യാർത്ഥികൾക്കായുള്ള മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ്, കോളേജ് തലത്തിൽ പഠിക്കുന്ന മുസ്ലീം വിദ്യാർത്ഥിനികൾക്കായുള്ള സ്കോളർഷിപ്പ്, ഹോസ്റ്റൽ ഫീ എന്നിവയും അഭ്യസ്തവിദ്യരായ ന്യൂനപക്ഷ ജനവിഭാഗങ്ങൾക്കുള്ള ഉദ്യോഗലബ്ധിക്കായുള്ള പരിശീലന കേന്ദ്രങ്ങളും ഇവയിൽ പ്രധാനമാണ്. കൂടാതെ ഉന്നത വിദ്യാഭ്യാസത്തിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും തൽസംബന്ധമായ ബോധവൽക്കരണ പരിപാടികളും ചെയ്ത് വരുന്നു. ടി വിഭാഗത്തിന് ഉന്നത വിദ്യാഭ്യാസ രംഗത്ത് ജനസംഖ്യാനുപാതികമായ പ്രവേശനാനുപാതം ഉറപ്പാക്കുന്നതിനായുള്ള വിവിധ പദ്ധതികളും ആവിഷ്കരിച്ച് വരുന്നു. കരിയർ ഗൈഡൻസ് കോഴ്സുകൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. ജില്ലാതല ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് 14 ജില്ലാ കളക്ടറേറ്റുകളിൽ സൃഷ്ടിച്ച ന്യൂനപക്ഷ സെക്ഷനുകൾ വഴി നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം.
2. കോളേജ് വിദ്യാഭ്യാസ വകുപ്പുവഴി നടപ്പാക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥിനികൾക്കുള്ള (മുസ്ലീം വിദ്യാർത്ഥിനികൾക്കുള്ള) സ്കോളർഷിപ്പ്, ഹോസ്റ്റൽ സ്റ്റൈപന്റ് എന്നിവ വിതരണം ചെയ്യുക.
3. കോഴിക്കോട് ആസ്ഥാനമായി പ്രവർത്തനമാരംഭിച്ച കേരളാ മദ്രസ്സാധ്യാപക ക്ഷേമനിധി ഫണ്ടിന്റെ നടത്തിപ്പും മേൽനോട്ടവും.
4. ന്യൂനപക്ഷ – പിന്നോക്ക യുവജനങ്ങൾക്കായി വിവിധ ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള കോച്ചിംഗ് സെന്ററുകളുടെ പ്രവർത്തന മേൽനോട്ടം.
5. പ്രധാനമന്ത്രിയുടെ പുതിയ 15 ഇന പരിപാടിയുടെ സംസ്ഥാന തലത്തിലുള്ള ഏകോപനവും തുടർ നടപടികളും.
6. വയനാട് ജില്ലയിൽ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പരിപാടിയായ മൾട്ടിസെക്ടറൽ ഡെവലപ്മെന്റ് പ്ലാനിന്റെ നിർവ്വഹണവും മേൽനോട്ടവും.
7. സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ രൂപീകരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ.
8. തീരദേശത്തെ ഒമ്പത് ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ സ്കൂളുകളിൽ നിർമ്മിക്കുന്ന പെൺകുട്ടികൾക്കായുള്ള ആരോഗ്യ-ശുചിത്വ സമുച്ചയങ്ങളുടെ നിർവ്വഹണ മേൽനോട്ടം.
9. വിവിധ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്കായി 2225-03-800-93 (നോൺപ്ലാൻ), 2225-03-800-94 (പ്ലാൻ) എന്നീ ശീർഷകങ്ങളിലുള്ള ബഡ്ജറ്റ് വിഹിതത്തിന്റെ നിയന്ത്രണവും പ്രവർത്തന മേൽനോട്ടവും.
10. ന്യൂനപക്ഷ ക്ഷേമത്തിനായി ആവിഷ്കരിക്കുന്ന എല്ലാ ഭാവിപരിപാടികളുടെയും നിർവ്വഹണവും പ്രവർത്തന മേൽനാട്ടവും.

## 1) ന്യൂനപക്ഷ വിദ്യാർത്ഥിനികൾക്കുള്ള സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് സ്കീമുകൾ.

ന്യൂനപക്ഷ വിഭാഗങ്ങളിലെ പ്രത്യേകിച്ച് മുസ്ലീം സമുദായത്തിലെ പെൺകുട്ടികളെ ബിരുദ-ബിരുദാനന്തര തലത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച് നടപ്പാക്കുന്നതാണ് ഈ പദ്ധതികൾ. 2008-09 സാമ്പത്തിക വർഷം മുതൽ നടപ്പാക്കിവരുന്നു.

## II. ന്യൂനപക്ഷ യുവജനതയ്ക്കായുള്ള കോച്ചിംഗ് സെന്ററുകൾ

യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ, കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ, ബാങ്കിംഗ് സർവ്വീസ് കമ്മീഷൻ, കേരള സംസ്ഥാന എൻട്രൻസ് പരീക്ഷാ കമ്മീഷണറേറ്റ് എന്നിവ നടത്തുന്ന മത്സര പരീക്ഷകൾക്ക് ന്യൂനപക്ഷ വിഭാഗങ്ങളിലെ പ്രത്യേകിച്ച് മുസ്ലീം സമുദായത്തിലെ യുവജനതയ്ക്ക് സൌജന്യ കോച്ചിംഗ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് ഈ കേന്ദ്രങ്ങൾ ലക്ഷ്യമിടുന്നു. 10% മുതൽ 20% വരെ സീറ്റുകളിൽ മറ്റ് ന്യൂനപക്ഷ മത വിഭാഗങ്ങൾക്കും മറ്റ് പിന്നോക്ക സമുദായങ്ങളിൽപ്പെട്ടവർക്കും കൂടി പ്രവേശനം അനുവദിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ പുതിയറ, കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, മലപ്പുറം ജില്ലയിലെ പൊന്നാനി, വേങ്ങര, എറണാകുളം ജില്ലയിലെ ആലുവ, കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി എന്നിവിടങ്ങളിലായി ആറ് പരിശീലന കേന്ദ്രങ്ങൾ

സ്ഥാപിച്ച് പ്രവർത്തനം നടത്തി വരുന്നു. കാസർഗോഡ്, തിരുവനന്തപുരം, കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി, പത്തനംതിട്ട എന്നിവിടങ്ങളിൽ കൂടി ഓരോ കോച്ചിംഗ് സെന്ററുകൾ വീതം തുടങ്ങാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

പരിശീലനം തികച്ചും സൗജന്യമായിട്ടാണ് നല്കിവരുന്നത്. പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും പ്രവർത്തന മേൽനോട്ടം വഹിക്കുന്നതിനും സംസ്ഥാനതലത്തിൽ ഒരു അക്കാദമിക് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. പൊതുഭരണ വകുപ്പ് സെക്രട്ടറിയാണ് ഈ കമ്മിറ്റിയുടെ അദ്ധ്യക്ഷൻ. സെന്ററുകളുടെ ഭരണ മേൽനോട്ടം ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർ നിർവ്വഹിക്കുന്നു.

## III. കേരള മദ്രസാദ്ധ്യാപക ക്ഷേമനിധി - പെൻഷൻ സ്കീം.

2009 ഫെബ്രുവരിയിൽ കേരളാ മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓഫീസ് കോഴിക്കോട് പ്രവർത്തനം ആരംഭിച്ചു. 2010 ജൂലൈ മുതൽ ക്ഷേമനിധി അംഗത്വ വിതരണം ആരംഭിച്ചു. പെൻഷനറുടെ കാലശേഷം നിക്ഷേപ തുകയും വർദ്ധിത ആദായവും പൂർണ്ണമായി അവകാശികൾക്ക് തിരികെ ലഭിക്കുന്നു. 20 വയസ്സ് തികഞ്ഞ മദ്രസ്സാധ്യാപകർക്ക് അംഗത്വം ലഭിക്കുന്നു. 65 വയസ്സുവരെ സർവ്വീസിൽ തുടരാൻ കഴിയുന്നു.

## IV. തീരദേശത്തെ സർക്കാർ സ്കൂളുകളിൽ പെൺകുട്ടികൾക്കായുള്ള ആരോഗ്യ ശുചിത്വ സമുച്ചയങ്ങളുടെ നിർമ്മാണം:-

ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ 284 സർക്കാർ സ്കൂളുകളിൽ പെൺകുട്ടികൾക്കായി 723.21 ലക്ഷം രൂപ അടങ്കൽ തുകയുള്ള 536 യൂറിനൽ കോംപ്ലക്സുകളും 305 ടോയിലറ്റ് കോംപ്ളക്സുകളും നിർമ്മിക്കുന്നതിനുള്ള ഒരു പ്രോജക്ടിന് 31/01/2011 ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും സഹകരണത്തോടെ നടപ്പാക്കുന്ന പ്രസ്തുത പദ്ധതിക്ക് കേരളാ ശുചിത്വ മിഷനാണ് മേൽനോട്ടം വഹിക്കുന്നത്. ജലലഭ്യത കൂടി ഉറപ്പാക്കികൊണ്ടാണിത് നിർമ്മിക്കുന്നത്.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ഒമ്പത് ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലാണ് പ്രോജക്ട് ആദ്യഘട്ടത്തിൽ നടപ്പാക്കുന്നത്.

## V. മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്ലാൻ

കേന്ദ്ര ഗവൺമെന്റിന്റെ ന്യൂനപക്ഷ കാര്യ മന്ത്രാലയം രാജ്യത്തെ തെരെഞ്ഞെടുക്കപ്പെട്ട 90 ജില്ലകളിൽ പദ്ധതി നടപ്പാക്കുന്നു. ഈ പദ്ധതിയിൽ കേരളത്തിൽ നിന്ന് തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഏക ജില്ലയായ വയനാട് ജില്ലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കികൊണ്ട് 19.85 കോടി രൂപ ആകെ അടങ്കലുള്ള പദ്ധതികളായ ആരോഗ്യ ഉപകേന്ദ്രങ്ങളുടെ നിർമ്മാണം, സ്കൂൾ ക്ലാസ്സ് മുറികളുടെ നിർമ്മാണം, മേപ്പാടി പോളിടെക്നിക്കിന്റെ ലബോറട്ടറി സൗകര്യം മെച്ചപ്പെടുത്തൽ, കുടിവെള്ള പ്രോജക്ടുകൾ, ഐ.റ്റി സെൽ സ്ഥാപിക്കൽ തുടങ്ങിയവ നടത്തി വരുന്നു.

## VI. പ്രധാനമന്ത്രിയുടെ പുതുക്കിയ 15 ഇന പരിപാടികളുടെ മേൽനോട്ടം. വിവിധ വകുപ്പുകളെ ബന്ധപ്പെട്ട് ഊർജ്ജിതവും സമയ ബന്ധിതവുമായ നടപടി.

ടി പരിപാടികളുടെ പ്രവർത്തന പുരോഗതി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സംസ്ഥാനതല കമ്മിറ്റി കാലാകാലങ്ങളിൽ അവലോകനം ചെയ്തുവരുന്നുമുണ്ട്.

(ഒപ്പ്)
മഞ്ഞളാംകുഴി അലി